**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 830** **09-08-2023 - ൽ മറുപടിയ്ക്ക്**

**ചേതന പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ചേതന പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത സൊസൈറ്റിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ആലപ്പുഴ ജില്ലാ രജിസ്ട്രാർ ഓഫീസിൽ, 1955 – ലെ തിരുവിതാംകൂർ - കൊച്ചി, സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം ALP/TC/824/2015 നമ്പരായി ചേതന പാലിയേറ്റീവ് കെയർ ആന്റ് ചാരിറ്റബിൾ സൊസൈറ്റി എന്ന പേരിൽ സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സൊസൈറ്റിയുടെ വരവ് ചെലവ് കണക്കുകളും വാർഷിക റിപ്പോർട്ടും വർഷാവർഷം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സമർപ്പിച്ചിട്ടില്ല. |
| (സി) | ഈ സൊസൈറ്റിയുടെ പ്രവർത്തന മേഖല എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഏതൊക്കെ സ്ഥാപനങ്ങളാണ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ളതെന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) | നിയമാവലി പ്രകാരം, അമ്പലപ്പുഴ നിയോജകമണ്ഡലം കേന്ദ്രീകരിച്ച് ആതുരസേവനവും ജീവകാരുണ്യ പ്രവർത്തനവുമാണ് ടി സൊസൈറ്റിയുടെ പ്രവർത്തനമേഖല. ടി സൊസൈറ്റിയുടെ ഉടമസ്ഥതയിൽ ഏതെങ്കിലും സ്ഥാപനങ്ങൾ ഉള്ളതായി ആലപ്പുഴ ജില്ലാ രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ചിട്ടുള്ള രേഖകളിൽ നിന്ന് വ്യക്തമല്ല. സംഘടനയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ (നമ്പർ 10) രോഗികളെ ശുശ്രൂഷിക്കുന്നതിനും മറ്റുമായി ആശുപത്രികൾ, ഹെൽത്ത് ക്ലബ്ബുകൾ എന്നിവ സ്ഥാപിച്ച് നടത്തുക എന്ന് പ്രതിപാദിച്ചിരിക്കുന്നതായി ജില്ലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | വരവ് ചെലവ് കണക്കുകളും വാർഷിക റിപ്പോർട്ടും നൽകാത്ത സൊസൈറ്റികളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരമുള്ള എന്തെങ്കിലും നടപടി പ്രസ്തുത സൊസൈറ്റിക്കെതിരെ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | വരവ് ചെലവ് കണക്കുകളും വാർഷിക റിപ്പോർട്ടും നൽകാത്ത സൊസൈറ്റികളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല.<br><br>ടി രേഖകൾ യഥാസമയം ഫയൽ ചെയ്തിട്ടില്ലാത്ത സൊസൈറ്റികൾക്ക് നിയമാനുസൃത പിഴ ഒടുക്കി ആയവ ഫയൽ ചെയ്യാവുന്നതാണ്. ആകയാൽ ടി |

| | | | |
|---|---|---|---|
| | | | സൊസൈറ്റിക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ

# സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച സർട്ടിഫിക്കററ്

1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട്

ക്രമ നമ്പർ ALP/TC/824/2015 വർഷം 2015

1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് Chethana Palliative Care and Charitable Society ഇന്നേ ദിവസം രജിസ്റ്റർ ചെയ്തതായി ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

രണ്ടായിരത്തി 2015 ാമാണ്ട് December മാസം 30 ാം തീയതിയായ ഇന്ന് ഞാൻ കൈയൊപ്പു വച്ചു നൽകിയിരിക്കുന്നു.

സംഘം രജിസ്ട്രാർ